# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 395** **28-10-2019 – ൽ മറുപടിയ്ക്ക്**

### ഉപഭോക്തൃ കമ്മീഷനിലെയും ഫോറങ്ങളിലെയും നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.എൻ.എ. ഖാദർ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഉപഭോക്തൃ കമ്മീഷനിലും ഫോറങ്ങളിലും ഒഴിഞ്ഞ് കിടന്ന അംഗങ്ങളുടെ തസ്തിക നികത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | പത്തനംതിട്ട ഉപഭോക്തൃ ഫോറത്തിലെ പ്രസിഡന്റിന്റേയും, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, വയനാട്, കണ്ണൂർ എന്നീ ഉപഭോക്തൃ ഫോറങ്ങളിലെ ഓരോ അംഗങ്ങളുടേയും നിയമനം നടത്തിയിട്ടുണ്ട്. സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മീഷനിലേയും, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോഡ് എന്നീ ഉപഭോക്തൃ ഫോറങ്ങളിലെ ഒരോ അംഗങ്ങളുടേയും നിയമനം നടത്തുന്നതിനുള്ള വിജിലൻസ് ക്ലിയറൻസ് ലഭ്യമായിട്ടില്ല. ആലപ്പുഴ ഫോറത്തിലെ പ്രസിഡന്റിന്റേയും, കോട്ടയം ഫോറം മെമ്പറുടേയും നിയമനം സംബന്ധിച്ച അഭിമുഖം നടക്കാനുണ്ട്. |
| ബി) | ഉപഭോക്തൃ ഫോറത്തിൽ അംഗങ്ങളാ-കാനുള്ള അടിസ്ഥാന യോഗ്യത, പ്രവൃത്തി പരിചയം എന്നിവ എന്തെല്ലാമാണെന്നും ഈ നിബന്ധനകളെല്ലാം പാലിച്ചാണോ നിയമനം നടത്തിയതെന്നും വ്യക്തമാക്കുമോ; | (ബി) | ഏതെങ്കിലും അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നുള്ള ബിരുദം, 35 വയസ്സോ അതിനു മുകളിലോ പ്രായം, കഴിവും, ആർജ്ജവവും, ധനതത്വം, നിയമം, കൊമേഴ്സ്, വ്യവസായം, അക്കൗണ്ടൻസി, പൊതുകാര്യങ്ങൾ, ഭരണ-നിർവഹണം എന്നീ വിഷയങ്ങളിലേതെങ്കിലും കൈകാര്യം ചെയ്ത് 10 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം.<br>ഈ നിബന്ധനകളെല്ലാം പാലിച്ചാണ് നിയമനം നടത്തിയിട്ടുള്ളത്. |
| (സി) | ഉപഭോക്തൃ ഫോറങ്ങളിൽ വഴിവിട്ട നിയമനം നടന്നതായി പരാതി ലഭിച്ചിട്ടുണ്ടോ; ഇതിന്മേൽ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ ? | (സി) | ഇല്ല. ബാധകമല്ല. |

സെക്ഷൻ ഓഫീസർ